# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/29/2017 പത്രക്കുറിപ്പ് 2017 ഫെബ്രുവരി 8

**അപേക്ഷാതീയതി**

സ്‌ക്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവർഷ -4പി.എം-9പി.എം) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 23 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 14 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിനു 20 രൂപയും (പരമാവധി 100) സി.വി.ക്യാമ്പ് ഫീസായി നിശ്ചിത അപേക്ഷാഫീസിനു പുറമേ അടക്കണം.

**പരീക്ഷാതീയതി**

സ്‌ക്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നു മുതൽ 10 വരെ സെമസ്റ്റർ ബി.എ എൽ.എൽ.ബി (പഞ്ചവത്സര-ഓണേഴ്സ്) പുതിയ സ്കീം - മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 17 ന് ആരംഭിക്കും.

**പരീക്ഷാഫലം**

2016 ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫുഡ് & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 20 വരെ സ്വീകരിക്കും.

**ഗവേഷണ ഫെല്ലോഷിപ്പ്**

ന്യൂ ഡൽഹി ശാസ്ത്ര സാങ്കേതിക വകുപ്പിൻറെ സഹായത്തോടെ എം ജി യൂണിവേഴ്സിറ്റിയിലെ സുസ്ഥിര വികസന അന്തർ സർവകലാശാല സെൻറ്റർ നടത്തുന്ന പരിസ്ഥിതി സൗഹൃദ പോളിമർ ഉപയോഗിച്ചുള്ള ജല ശുദ്ധീകരണത്തെ ആസ്പദമാക്കിയുള്ള ഗവേഷണ പ്രോജെക്ടിലേക്കു ഒരു ജൂനിയർ റിസർച്ച് ഫെല്ലോയെ ആവശ്യമുണ്ട് (പ്രതിമാസം Rs.25000/-). M.Sc. കെമിസ്ട്രി / M.Sc. എൻവിറോൺമെന്റൽ സയൻസ് ബിരുദമാണ് അടിസ്ഥാന യോഗ്യത. (NET / GATE ഉള്ളവർക്കു മുൻഗണന). താല്പര്യം ഉള്ളവർ ബയോഡേറ്റ സഹിതം uka@mgu.ac.in എന്ന ഇമെയിൽ വഴി മെയ് മാസം 5 നുള്ളിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.mgu.ac.in.

**എം.ജി : ജർമ്മൻ കോൺസൽ ജനറലുമായി ചർച്ച നടത്തി :**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളും ജർമ്മനിയിലെ സർവ്വകലാശാലകളുമായി അക്കാദമിക സഹകരണത്തിനുള്ള സാധ്യതയെപ്പറ്റി സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ ജർമ്മൻ കോൺസുലേറ്റ് പ്രതിനിധികളുമായി ചർച്ച നടത്തി. ജർമ്മനിയിലെ 129 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റ് വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ പ്രതിനിധികൾക്കു കൈമാറി. എം.ജി സർവ്വകലാശാലയിലെ സെന്റർ ഫോർ ഇന്റർനാഷണൽ കോപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രാഥമിക ചർച്ച, സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിടുന്നതിന്റെ സാധ്യതകളും ആരായുകയുണ്ടായി. ജർമ്മൻ കോൺസൽ ജനറൽ മാർഗിറ്റ് ഹെൽവിഗ് ബോയിറ്റ് ഡോ : സെയ്ദ് ഇബ്രാഹിം, ഡോ : മഞ്ജുള മുണ്ടക്കാന, ഡോ സാബുതോമസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**അടിക്കുറിപ്പ്**
മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളും ജർമ്മനിയിലെ സർവ്വകലാശാലകളുമായി അക്കാദമിക സഹകരണത്തിനുള്ള സാധ്യതയെപ്പറ്റി സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ ജർമ്മൻ കോൺസുലേറ്റ് പ്രതിനിധികളുമായി നടന്ന ചർച്ചയിൽ പങ്കെടുത്തവർ. ഡോ സാബുതോമസ്, വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ, മാർഗിറ്റ് ഹെൽവിഗ് ബോയിറ്റ് ഡോ : സെയ്ദ് ഇബ്രാഹിം, ഡോ : മഞ്ജുള മുണ്ടക്കാന.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**